**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1816** **02-02-2024 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസകിരണം പദ്ധതിപ്രകാരമുള്ള പെൻഷൻ വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലുള്ള പെൻഷനാണ് മുടക്കം വന്നിട്ടുള്ളതെന്നും കുടിശികയിനത്തിൽ വിതരണം ചെയ്യാനുള്ള തുകയെത്രയാണെന്നും വിശദമാക്കുമോ; | (എ) | ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണം മുടങ്ങിയിട്ടില്ല. ആശ്വാസ കിരണം' പദ്ധതിയുടെ നടത്തിപ്പിനായി 2023-2024 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽ ആദ്യഘട്ടമായി അനുവദിച്ച 15 കോടി രൂപയിൽ നിന്നും 14,99,93,520/- രൂപ ഉപയോഗിച്ച് ലൈഫ് സർട്ടിഫിക്കറ്റ് , പുതുക്കിയ വ്യക്തി വിവരങ്ങൾ ,മറ്റ അനുബന്ധ രേഖകൾ എന്നിവ 01/08/2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ട് വഴി അനുവദിച്ചിട്ടുണ്ട്.നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 01/08/2023 വരെ ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ 19229 ഗുണഭോക്താക്കൾക്കും , 01/08/2023-ന് ശേഷം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ ഗുണഭോക്താക്കൾക്കും 2024 ജനുവരി വരെ ധനസഹായം നല്കുവാൻ 32,18,22,000/- രൂപ ആവശ്യമാണ്. |
| (ബി) | മൂന്നു വർഷങ്ങൾക്കു മുൻപ് വിതരണം ചെയ്ത മണി ഓർഡറിനൊപ്പം രേഖപ്പെടുത്തിയ എഫ്.എൽ. നമ്പർ രേഖപ്പെടുത്താതെ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയവരുടെ പെൻഷൻ നിർത്തലാക്കുന്നതിന് നിർദ്ദേശിച്ചിരുന്നോ; വ്യക്തമാക്കുമോ; | (ബി) | ആശ്വാസകിരണം പദ്ധതി പ്രകാരം ധനസഹായം മണിയോർഡറായി ലഭിച്ചുകൊണ്ടിരുന്ന ഗുണഭോക്താക്കളുടെ പുതുക്കിയ വ്യക്തി വിവരങ്ങൾ, ലൈഫ് സർട്ടിഫിക്കറ്റ്, മറ്റ അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയ മുഴുവൻ ഗുണഭോക്താക്കൾക്കും അവരുടെ ബാങ്ക് അക്കൗണ്ട് വഴി ധനസഹായം അനുവദിക്കുകയുണ്ടായി. എഫ്.എൻ നമ്പർ രേഖപ്പെടുത്താത്ത അപേക്ഷാഫോമുകൾ ഒന്നും തന്നെ നിരസിച്ചിട്ടില്ല. അപാകതകൾ ഉള്ള ഫോമുകൾ എല്ലാം വ്യക്തികൾക്ക് തിരിച്ച് അയച്ച് പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള നിലവിലെ പെൻഷൻ തുക എത്രയാണെന്നും ഇത് ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എന്നാണെന്നും അറിയിക്കുമോ; | (സി) | 525/- രൂപയായിരുന്ന ആശ്വാസകിരണം പദ്ധതി ധനസഹായം 21/10/2016 ലെ സർക്കാർ ഉത്തരവ് പ്രകാരം 600/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ആശ്വാസകിരണം പദ്ധതി പ്രകാരം പെൻഷന് അപേക്ഷ സ്വീകരിച്ച ശേഷം പെൻഷൻ വിതരണം ചെയ്തിട്ടില്ലാത്ത എത്ര അപേക്ഷകളുണ്ടെന്നും എന്നുമുതലുള്ള അപേക്ഷകളാണ് ഇപ്രകാരം തീർപ്പാക്കാനുള്ളതെന്നും അറിയിക്കാമോ; | (ഡി) | ആശ്വാസകിരണം പദ്ധതി പ്രകാരം 2018 ഏപ്രിൽ മുതൽ ലഭിച്ച അറുപത്തയ്യായിരത്തോളം അപേക്ഷകൾ തീർപ്പാക്കാനുണ്ട്. |
| (ഇ) | പ്രസ്തുത ധനസഹായം ഏറ്റവും അർഹയുള്ളവർക്ക് മുൻഗണന നൽകി മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡപ്രകാരം അർഹതയുള്ള എല്ലാവർക്കും ധനസഹായം നൽകി വരുന്നു. അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് ഉറപ്പു വരുത്തുന്നതിനായി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക് ആധാർ വിവരങ്ങൾ ലിങ്ക് ചെയ്ത് ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിനായി പ്രസ്തുത വിവരങ്ങൾ ശേഖരിച്ച് അവ നൽകിയവർക്ക് ധനസഹായം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ